Novel Form of Akbar's History

Dr. Krishnan Nampoothiri M

Renowned writer and literary scholar Kerala Varma Valiya Koyi Thampuran (1845-1914) played a pivotal role in the evolution and growth of Modern Malayalam prose, novel and the short story. When he was the Member and Chairman of the Travancore Textbook Committee (1867-1877), Kerala Varma urged fellow writers to pen prose works and he also wrote exemplary Malayalam prose models, stories, laying the foundation for modern Malayalam language and literature. One of his famous such work is the Malayalam Translation of Dr. Petraus Abraham Samuel Van Limberg's 'Akbar Novel'. Kerala Varma started translating the novel in 1882 and it was published by the Travancore Textbook committee in 1894. Titled 'Akbar Malayalam Tharjama', Kerala Varma's novel earned a classic status among the early Malayalam novels. It also gained repute as the first Malayalam historical novel that was based on India's history. The novel's narrative encompasses a general view of the Mughal India and a detailed and close portrayal of Akbar's official duties and emotional conflicts. That way, the novel became a classic example of literary retelling of history. Published 130 years back, Akbar stands tall in the stream of Malayalam translate literature. This paper explores how Akbar's life and Mughal reign in India become a narrative subject for the novel.

Key words: Colonial modernity, Modern Prose, Modernisation of Malayalam Prose, Historial Novel, Political History

Bibliography

Achuthan. M. (1992), *Novel prasanangalum padanangalum*, Kottayam: sahithya Pravarthaka Sahakarana sangam.

Krishnan Nampoothiri. M. (2009), *Kalayum Darsanavum*, Kozhikode: Haritha Books.

Kerala Varma Valiya Koyithampuram. (2020), *Akbar vivarthanam* (New Edition), Thiruvananthapuram: Chintha Publications.

George, Irumbayam. (2012), *Malayala Novel Pathonpatham Noottandil,* Kottayam: SPCS.

Tharakan. K.M. (2005), *Malayala Novel Sahithya Charithram*, Thrissur: Kerala Sahitya Academy.

Thomas, Thumpamon. (1993), *Malayala Novalinte Verukal,* Kottayam: SPCS.

Parameswarayyar, Ulloor. (1985), *Kerala Sahithya Charithram Vol. 5,* Thiruvananthapuram: University of Kerala.

Parameswara Pillai, Erumeli. (2010), *Malayala Sahithyam Kalaghattangaliloode,* Kottayam: Current Books.

Paul, M.P. (2012), *M.P. Paulinte Sampoorna Krithikal ,* Vol.1, Ed. K.V. Thomas, Kozhikode: Media Books.

Balakrishnan, Kalpetta. (2005) Charithranovel Malayalathil Kerala, Thrissur: Sahithya Academy

Sreedharamenon, A. (1998) *Indiacharithram,* Kottayam: SPCS.

Sukumar Azhikode. (2002), *Malyala Sahithya Vimarsanam*, Kottayam: D.C. Books.

Dr. Krishnan Nampoothiri M
Professor
Department of Malayalam
Sree Sankaracharya University of Sanskrit
Regional Centre Tirur
Pin: 676301
Email: knamboothiry46@ssus.ac.in
Ph: +91 9495739956
ORCID: 0009-0004-2683-6591

ISSN:2582-550X

അക്ബർ: ചരിത്രത്തിന്റെ നോവൽരൂപം

ഡോ. എം. കൃഷ്ണൻ നമ്പൂതിരി

ആധുനിക മലയാളഗദ്യത്തിന്റെയും നോവൽ-ചെറുകഥാസാഹിത്യ രൂപങ്ങളുടെയും വളർച്ചയിലും പരിണാമത്തിലും നേതൃസ്ഥാനീയമായ പങ്കുവഹിച്ച പണ്ഡിതനും സാഹിത്യകാരനുമാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1845-1914). തിരുവിതാംകൂർ ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയിൽ അംഗമായും അധ്യക്ഷനായും (1867-1877) പ്രവർത്തിച്ചിരുന്ന വേളയിൽ എഴുത്തുകാരെക്കൊണ്ട് പുതിയ കൃതികൾ എഴുതിപ്പിച്ചും സ്വയം മാതൃകാരചനകൾ സൃഷ്ടിച്ചും ആധുനിക മലയാളഭാഷയ്ക്കും സാഹിത്യത്തിനും അസ്ഥിവാരം ഉറപ്പിച്ചു, കേരളവർമ്മ വലിയകോയിത്തമ്പുരാൻ. അത്തരം ഭാഷാസാഹിത്യസേവനങ്ങളിൽ ഏറെ പ്രാധാന്യമുള്ളതാണ് ഡോ. വാൻലിംബർഗ് രചിച്ച '*അക്ബർ*' നോവലിന് കേരളവർമ്മ തയ്യാറാക്കിയ മലയാള പരിഭാഷ. 1882ൽ പരിഭാഷ ആരംഭിച്ച് 1894ൽ തിരുവിതാംകൂർ ടെക്സ്റ്റ്ബുക്ക് കമ്മിറ്റി പ്രസിദ്ധീകരിച്ച അക്ബർ മലയാള തർജ്ജമ ആദ്യകാല മലയാളനോവലുകളുടെ കൂട്ടത്തിൽ നിർണായകസ്ഥാനം നേടുകയുണ്ടായി. ഇന്ത്യാചരിത്രം പ്രമേയമാക്കിയ ആദ്യ മലയാള ചരിത്രനോവൽ എന്ന പ്രാധാന്യവും അക്ബറിനുണ്ട്. ഇന്ത്യയിലെ മുഗൾ ഭരണകാലഘട്ടത്തിലേക്കു സാമാന്യമായും അക്ബർ ചക്രവർത്തിയുടെ ഔദ്യോഗിക-വൈയക്തിക ജീവിതത്തിലേക്ക് സവിശേഷമായും കടന്നുചെല്ലുന്ന നോവലാഖ്യാനം ചരിത്രത്തിന്റെ ഭാവനാത്മകമായ പുനരാവിഷ്കാരമായി മാറുന്നു. ഇന്നേയ്ക്ക് 130 വർഷം മുമ്പ് പ്രസിദ്ധീകൃതമായ *അക്ബർ* നോവൽ മലയാളത്തിലെ വിവർത്തന സാഹിത്യത്തിൽ ഇന്നും തല

യുയർത്തി നിൽക്കുന്നു. അക്ബറിന്റെ ജീവചരിത്രവും ഇന്ത്യയിലെ മുഗൾഭരണകാലഘട്ടവും എങ്ങനെ നോവൽരൂപത്തിൽ ആഖ്യാനവിഷയമാകുന്നുവെന്ന അന്വേഷണമാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ: കൊളോണിയൽ ആധുനികത, ഭാഷയിലെ ആധുനികീകരണം, കേരളവർമ്മ പ്രസ്ഥാനം, സംസ്കൃതീകൃത ഗദ്യം, പരിനിഷ്ഠിതഭാഷ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം കേരളത്തിന്റെ സമസ്തമേഖലകളിലും വമ്പിച്ച പരിണാമങ്ങൾ കൊണ്ടുവന്ന കാലമായിരുന്നു. കോളനിഭരണത്തിന്റെയും ക്രിസ്ത്യൻ മിഷണറിമാരുടെ മതപ്രചരണ-വിദ്യാഭ്യാസ പ്രവർത്തനങ്ങളുടേയും പരിണതഫലം എന്ന നിലയിൽ സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ അടിമുടി മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. സാമ്പ്രദായികവും യാഥാസ്ഥിതികവുമായ കാഴ്ചപ്പാടുകളുടെ സ്ഥാനത്ത് നവീനവും വിർശനാത്മകവുമായ ചിന്താധാരകളും ഉൾക്കാഴ്ചകളും കടന്നുവരാൻ തുടങ്ങി. അച്ചടിയും പത്രപ്രവർത്തനവും ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസവും സമൂഹത്തിൽ ദൂരവ്യാപകമായ ഫലങ്ങൾക്ക് തുടക്കമിട്ടു. കൊളോണിയൽ ആധുനികത എന്ന് വിളിക്കാവുന്ന ഒരു പുതുതരംഗം കേരളീയ സാമൂഹ്യാന്തരീക്ഷത്തിൽ എവിടെയും ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. കേരളീയ നവോത്ഥാനത്തിന് അനുകൂലമായ സാംസ്കാരികാന്തരീക്ഷം ഒരുക്കുന്നതിൽ കൊളോണിയൽ ആധുനികതയ്ക്കുള്ള പങ്ക് ചെറുതല്ല.

നവീനഗദ്യം

മലയാള ഭാഷയിലും സാഹിത്യത്തിലും ആധുനകീകരണം സംഭവിക്കുന്നതും കോളനിയനന്തരഘട്ടത്തോടുകൂടിയാണ്. മിഷനറിമാർ തുടങ്ങിവച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സാമാന്യ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയ ഉണർവ് നവസമൂഹ നിർമ്മിതിക്ക് ഊർജ്ജമായി മാറി. പുതിയ വിദ്യാലയങ്ങളും പാഠപദ്ധതികളും മലയാള ഭാഷയുടെ ആധുനികീകരണത്തിന് കളമൊരുക്കി. വിവർത്തനങ്ങളിലൂടെയും പുതിയ പാഠനിർമ്മിതികളിലൂടെയും വൈജ്ഞാനിക ലേഖനങ്ങളിലൂടെയും മലയാളഗദ്യം പുതിയ വഴികൾ കണ്ടെത്തി. വിദ്യാഭ്യാസാവശ്യത്തിലേക്ക് പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതിനായി തിരുവിതാംകൂർ പാഠപുസ്തകക്കമ്മിറ്റി 1866ൽ രൂപീകരിക്കുകയും 1867ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അതിന്റെ അധ്യക്ഷപദവിയിൽ വരികയും ചെയ്തതോടെ മലയാളഗദ്യം ഔപചാരിക പരിഷ്കരണങ്ങൾക്കുവിധേയമായി. സ്കൂൾ ക്ലാസ്സുകളിലെ

ആവശ്യത്തനായി പാഠാവലികൾ, വിജ്ഞാനമഞ്ജരികൾ, തിരുവിതാംകൂർ ചരിത്രം, ഇന്ത്യാചരിത്രം, ഭൂമിശാസ്ത്രം, സാമാന്യശാസ്ത്രം, ഗദ്യ-പദ്യ രചനാമാതൃകകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള പുസ്തകങ്ങൾ കേരളവർമ്മയുടെ നേതൃത്വത്തിൽ പാഠപുസ്തകക്കമ്മിറ്റി തയ്യാറാക്കുകയുണ്ടായി. ഗദ്യപാഠപുസ്തകങ്ങളിൽ പലതും രചിച്ചത് കേരളവർമ്മയായിരുന്നെന്നും അതുവഴി ആധുനിക ഗദ്യത്തിന് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹമെന്നും നിരീക്ഷിക്കുന്നവരുണ്ട് (മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, 2010:181).പാഠപുസ്തകക്കമ്മിറ്റിയിലെ നേതൃത്വവും നവീനഗദ്യസാഹിത്യരൂപങ്ങളുടെ നിർമ്മിതിയും നൽകിയ പരിചയസമ്പത്താണ് *അക്ബർ* എന്ന ബൃഹത് നോവലിന്റെ വിവർത്തനത്തിന് കേരളവർമ്മ വലിയകോയിത്തമ്പുരാനെ പ്രാപ്തനാക്കിയത് എന്ന് പറയാം. മൂന്നു ഭാഗങ്ങളിലായി 360 പേജുകളിൽ 1894ൽ ആദ്യമായി അക്ബർ നോവലിന്റെ തർജ്ജമ മലയാളത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ മലയാളഗദ്യചരിത്രത്തിൽ അതൊരു വഴിത്തിരിവുസൃഷ്ടിക്കുകയായിരുന്നു.

അക്ബർ നോവൽ - മൂലകൃതിയും വിവർത്തനങ്ങളും

15-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ 18-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം വരെ ഇന്ത്യ ഭരിച്ചിരുന്ന മുഗൾ രാജവംശത്തിലെ പ്രശസ്ത ചക്രവർത്തിമാരാണ് ബാബർ, ഹുമയൂൺ, അക്ബർ, ജഹാംഗീർ, ഷാജഹാൻ, ഔറംഗസേബ് എന്നിവർ. ഇവരിൽ മൂന്നാം മുഗൾചക്രവർത്തിയായി ചരിത്രം കൊണ്ടാടുന്ന അക്ബർ 1556-1605 കാലഘട്ടത്തിലാണ് ഇന്ത്യ ഭരിച്ചിരുന്നത്. വീരനായക പരിവേഷമുള്ള അക്ബറിന്റെ ജീവിതത്തെയും ഭരണകാലത്തെയും അടിസ്ഥാനമാക്കി നെതർലാന്റ് എഴുത്തുകാരനായ ഡോ. പെട്രാസ് അബ്രഹാം സാമുവൽ വാൻ ലിംബർഗ് ബ്രോവർ (1829-1873) (Dr. Petrous Abrahamm Samuel Van Limburg Brouwer) ഡച്ച് ഭാഷയിൽ 1872ൽ എഴുതിയ ചരിത്രനോവലാണ് *അക്ബർ.* പൗരസ്ത്യദേശങ്ങളോടും സംസ്കാരങ്ങളോടും ആഭിമുഖ്യം പുലർത്തിയിരുന്ന ബ്രൗവർ മുഗൾചക്രവർത്തിമാരിൽ മഹാനായ അക്ബറിനോടുള്ള ആരാധന സഫലീകരിക്കുന്നതിനായി രചിച്ച ജീവചരിത്രനോവലാണ് *അക്ബർ.* ഭാരതത്തിന്റെ സാംസ്കാരിക സവിശേഷതകളും അക്ബറിന്റെ കാലത്തെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക സാംസ്കാരിക സാഹചര്യങ്ങളും സർവ്വോപരി അക്ബർ എന്ന മഹാനായ ചക്രവർത്തിയുടെ നായകത്വവും ആണ് ബ്രൗവറിന്റെ നോവലിൽ ആവിഷ്കൃതമായിട്ടുള്ളത്. ബാബറിനും ഹുമയൂണിനുംശേഷം

മുഗൾവംശാധിപനായി ഭരണമേറ്റെടുത്ത അക്ബർ രാജ്യവിസ്തൃതിക്കായി നടത്തിയ തന്ത്രപരമായ നീക്കങ്ങളെ ബ്രൗവർ നോവലിന്റെ തുടക്കത്തിൽ അവതരിപ്പിക്കുന്നുണ്ട്. രജപുത്രരാജാക്കന്മാർ അടക്കമുള്ള എതിരാളികളെ പരാജയപ്പെടുത്തി, സഖ്യകക്ഷികളാക്കി നിലനിർത്തി, ഏകീകൃതമായ ഒരു ഭരണസംവിധാനം ഉത്തരേന്ത്യയിൽ കൊണ്ടുവരുന്നതിൽ അക്ബർ വിജയിച്ചതായി നോവലിൽ ആഖ്യാനം ചെയ്യുന്നു. മതസഹിഷ്ണുതാനയവും വിശാലമാനവികതാദർശനവും ഭരണരംഗത്തെ ക്രാന്തദർശനവും സാഹിത്യകലാലോലുപതയും ഒന്നുചേർന്ന വീരവ്യക്തിത്വമാണ് ബ്രൗവറിന്റെ അക്ബറിൽ കാണാനാവുക.

*അക്ബർ*നോവൽ ഡച്ച്ഭാഷയിൽ നിന്നും 1877ൽ ജർമ്മൻ ഭാഷയിലേക്ക് ഹെന്റിച്ച് കില്ലിംഗറും 1878ൽ ഡാനിഷ് ഭാഷയിലേക്ക് ആന്റർസ്കോസ് ഫോർലേഗും, 1879ൽ ഡബ്ല്യു.എച്ച്.അലെൻ ഇംഗ്ലീഷിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. *അക്ബർ* നോവൽ വിവർത്തനങ്ങളായും സ്വതന്ത്ര രചനകളായും ഇന്ത്യൻ ഭാഷകളിൽ പലകാലങ്ങളിലായി രചിക്കപ്പെട്ടിട്ടുണ്ട്. മുഗൾ ചക്രവർത്തിയിൽ മറ്റൊരാളും തന്നെ ചരിത്ര നോവലിന് വിഷയമായിട്ടില്ല എന്നതും അക്ബറിന്റെ വ്യക്തിപ്രഭാവത്തിന് അടിവരയിടുന്നു.

അക്ബർനോവൽ മലയാളത്തിൽ

ലിംബർഗ് ബ്രൗവറുടെ ഡച്ചുഭാഷയിലുള്ള അക്ബർ നോവൽ 1879ൽ വില്യം ഹെന്റി അലെൻ ആന്റ് കമ്പനി ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചതോടെ *അക്ബർചരിതം* ലോകശ്രദ്ധയ്ക്കുവിഷയമായി. ചരിത്രനോവൽ എന്ന നിലയിലും ചരിത്ര റൊമാൻസ് എന്ന നിലയിലും അക്ബറിന് ലോകഭാഷകളിൽ വിവർത്തനമൂല്യം ഏറിവന്നു. 1879ലെ *അക്ബർ* ഇംഗ്ലീഷ്പരിഭാഷ വായിച്ച തിരുവിതാംകൂർ രാജാവ് ശ്രീ വിശാഖം തിരുനാൾ അക്ബർ ചക്രവർത്തിയുടെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടനാവുകയും മഹാനായ അക്ബറിനെ മലയാളികൾക്ക് ആഖ്യായികാരൂപത്തിലൂടെ പരിചയപ്പെടുത്തണമെന്നു നിശ്ചയിക്കുകയും ചെയ്തു. ഭരണകാര്യങ്ങളിലുള്ള തിരക്കുമൂലം ഈ ബൃഹത്നോവൽ തനിക്കു വിവർത്തനം ചെയ്യാൻ സാധിക്കില്ല എന്നുവ്യക്തമാക്കിക്കൊണ്ടും കേരളവർമ്മ ഈ മഹത്ഗ്രന്ഥം പരിഭാഷപ്പെടുത്തണമെന്നു നിർദ്ദേശിച്ചുകൊണ്ടും വിശാഖം തിരുനാൾ കുറിപ്പും പുസ്തകവും കേരളവർമ്മ വലിയ കോയിത്തമ്പുരാനെ ഏൽപ്പിച്ചു. 1882ലാണ് *അക്ബർ* ഇംഗ്ലീഷ് വിവർത്തനം കേരളവർമ്മയ്ക്ക് ലഭിക്കുന്നത്. 1884ൽതന്നെ

വിവർത്തനം ഏറെക്കുറേ ചെയ്തതായും പരിഷ്കരിച്ച് ഗ്രന്ഥ രൂപത്തിൽ പൂർത്തീകരിച്ചത് 1894ൽ ആണെന്നും ഗ്രന്ഥകർത്താവ് മുഖവുരയിൽ പറയുന്നുണ്ട് (അക്ബർ: 1894). മലയാള പരിഭാഷയുടെ രചനാകാലം 1880-1882 എന്നു കണക്കാക്കിയാൽ മലയാളത്തിലെ ആദ്യനോവലായി അക്ബറിനെ വിശേഷിപ്പിക്കാം എന്ന് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട് (കേരളസാഹിത്യചരിത്രം 1985:182) തർജ്ജമയാണെന്നതിനാലും അച്ചടിച്ച് പ്രസിദ്ധീകൃതമായത് 1894ൽ ആണെന്നതിനാലും മലയാളത്തിലെ ആദ്യ നോവലാകുന്നില്ല ഈ കൃതി. എന്നാൽ 19-ാം നൂറ്റാണ്ടിൽ മലയാളത്തിലുണ്ടായ രണ്ടു ചരിത്രാഖ്യായികങ്ങളിൽ ഒന്നായ അക്ബറിന് (മറ്റൊന്ന് സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ, 1891) ഇന്ത്യാ ചരിത്ര പശ്ചാത്തലത്തിൽ ഉണ്ടായ ആദ്യ ചരിത്രനോവൽ എന്ന സ്ഥാനം നൽകാവുന്നതാണ്.

ആവിഷ്കൃത പ്രമേയംകൊണ്ടും ബൃഹദാഖ്യാന ഘടനകൊണ്ടും, ഗദ്യഭാഷാ സവിശേഷതകൊണ്ടും മലയാള ഭാഷാസാഹിത്യചരിത്രത്തിൽ നിർണായക സ്ഥാനമർഹിക്കുന്നുണ്ട് അക്ബർ വിവർത്തനം. മലയാളത്തിലെ ചരിത്രാഖ്യായികാശാഖയെ അക്ബർ സമ്പന്നമാക്കി. അക്ബറെന്ന സമുജ്ജ്വല കഥാപുരുഷനിൽക്കൂടി ഭാരതത്തെത്തന്നെ ഒന്നായി സമീക്ഷിക്കുവാനുള്ള പ്രചോദനം ഈ മഹാകൃതി സഹൃദയർക്കു നൽകി എന്നാണ് കെ.എം.തരകൻ മലയാള നോവൽസാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് (2005:61).

1858-ൽ റവ. ജോസഫ് പീറ്റ് വിവർത്തനം ചെയ്ത 'ഫുൽമേനി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ' 1877ൽ വിവർത്തിതമായ '*ഘാതകവധം*', 1882ൽ പ്രസിദ്ധീകരിച്ച '*പുല്ലേലിക്കുഞ്ചു*' 1889ലെ '*ഇന്ദുലേഖ*', 1891ലെ 'ശാരദ' തുടങ്ങിയ നോവലുകൾ സാമൂഹ്യവിഷയങ്ങൾ ഇതിവൃത്തമാക്കിയിട്ടുള്ളവയാണല്ലോ. ഇതിൽനിന്നും വ്യത്യസ്തമായി ഭൂതകാലത്തിന്റെ സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥകളും വ്യക്തികളും സംഭാവനകളും സമകാലിക സമൂഹത്തിനുമുന്നിൽ പുനരാവിഷ്കരിക്കാമെന്നും അതു നോവൽ രൂപത്തിലാക്കാമെന്നും 1882ൽത്തന്നെ തിരിച്ചറിയുകയും അതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. ആ നിലയ്ക്ക് മലയാളത്തിലെ ചരിത്രനോവലിനു തുടക്കമിട്ടത് കേരളവർമ്മയാണെന്നുപറയാം.

ചരിത്രപുരുഷനായ അക്ബർ

ഇന്ത്യയിലെ ഏറ്റവും വിഖ്യാതനായ മുഗൾചക്രവർത്തിയാണ് അക്ബർ. (1542-1605) അബു അൽ-ഫത്ജലാൽ അൽ-ദീൻ മുഹമ്മദ് അക്ബർ എന്ന മൂന്നാം മുഗൾ ചക്രവർത്തി തന്റെ പൂർവ്വികരായ ബാബർ, ഹുമയൂൺ, എന്നിവരിൽ നിന്നും വ്യത്യസ്തനായി സർവ്വജനപിന്തുണയോടെ ഇന്ത്യയൊന്നാകെ മുഗൾഭരണത്തിൻ കീഴിൽ കൊണ്ടുവരാനും ഒരു ഏകീകൃത ഭരണത്തിനുകീഴിൽ ദേശരാഷ്ട്ര സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കാനും പരിശ്രമിച്ച വ്യക്തിയായിരുന്നു.

14-ാം വയസ്സിൽ എ.ഡി. 1556ൽ ചക്രവർത്തിസ്ഥാനം ഏറ്റെടുത്ത അക്ബർ നിരവധി പ്രതിസന്ധികളിലൂടെയും അഭ്യന്തര പ്രശ്നങ്ങളിലൂടെയുമാണ് മുഗൾഭരണം മുന്നോട്ടുകൊണ്ടുപോയത്. അയൽരാജ്യങ്ങളെ യുദ്ധത്തിൽ പരാജയപ്പെടുത്തിയും നയതന്ത്രബുദ്ധിയോടെ തനിക്കൊപ്പം നിർത്തിയും രാജ്യവിസ്തൃതി വർദ്ധിപ്പിക്കുക എന്നതിലായിരുന്നു അക്ബർ ശ്രദ്ധിച്ചിരുന്നത്. ആഗ്ര, ഡൽഹി, മാൾവ, ചിത്തോഡ്, രാത്തംഭോഡ്, ഗോണ്ട്വാന തുടങ്ങിയ ചെറുരാജ്യങ്ങൾ കീഴടക്കിക്കൊണ്ടായിരുന്നു മുഗള ശക്തിയുടെ വ്യാപനം സാധ്യമാക്കിയത്. തുടർന്ന് മേവാർ, ഗുജറാത്ത്, ബീഹാർ, ബംഗാൾ പ്രദേശങ്ങളിലും അക്ബർ തന്റെ ഭരണം അംഗീകരിപ്പിച്ചു. തുടർന്ന് വടക്കുപടിഞ്ഞാറൻ മേഖലയിലുള്ള കാബൂൾ, പെഷവാർ, ബലൂചിസ്ഥാൻ, മക്കറാൻ, കാണ്ടഹാർ തുടങ്ങിയ ദേശങ്ങളും മുഗൾ ഭരണത്തിന്റെ വരുതിയിലാക്കി. ഇങ്ങനെ ഉത്തരേന്ത്യ ഒന്നാകെ മുഗൾ ശക്തിക്കു കീഴടക്കി ദക്ഷിണേന്ത്യയിലേക്കും അക്ബർ പടയോട്ടം നടത്തി. ഗോദാവരി നദിക്കു, വടക്ക് ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവൻ നിയന്ത്രിക്കുന്ന ഭരണകൂടമായി മുഗൾഭരണം മാറി. ജഹാംഗീർ, ഷാജഹാൻ, ഔറംഗസീബ് എന്നീ പിൻഗാമികൾക്കും അക്ബറിന്റെ വ്യക്തിപ്രഭാവത്തെ അതിശയിക്കാൻ കഴിഞ്ഞിരുന്നില്ല.

അക്ബർ ചരിത്രനോവൽ രചനയിൽ ബ്രൗവർക്ക് അവലംബമായിരുന്ന മുഖ്യകൃതി 'അക്ബർനാമ'യാണ്. അക്ബറിനെയും അദ്ദേഹത്തിന്റെ ഭരണകാലത്തെയും കുറിച്ചുള്ള ആദ്യകൃതിയാണത്. അക്ബറിന്റെ വിദ്വൽസദസ്സിലെ നവരത്ന പ്രതിഭകളിൽ പ്രമുഖനായിരുന്ന അബുൽ ഫാസലാണ് 'അക്ബർനാമ' രചിച്ചത്. മൂന്നു ഭാഗങ്ങളായുള്ള ഈ കൃതി അക്ബറിന്റെ നിർദ്ദേശാനുസൃതമാണ് രചിക്കപ്പെട്ടത് എന്നതും ശ്രദ്ധേയമാണ്. മുഗൾസാമ്രാജ്യചരിത്രം, ചക്രവർത്തിപരമ്പര, അക്ബറിന്റെ ജനനം, ഭരണസാരഥ്യം, രാജ്യ

വിസ്തൃതി, ഭരണപരിഷ്കാരങ്ങൾ, സൈനിക സംവിധാനം, യുദ്ധ വിജയങ്ങൾ, വ്യക്തിജീവിതം, കുടുംബജീവിതം, രാഷ്ട്രീയ സാമൂഹിക സാമ്പത്തികസ്ഥിതികൾ എന്നിങ്ങനെ അക്ബർ കേന്ദ്രിതമായ സമഗ്രചരിത്രം അക്ബർനാമ ഉൾക്കൊള്ളുന്നുണ്ട്.

മുഗൾ ചക്രവർത്തിമാരിൽ അക്ബറിനുള്ള പ്രാധാന്യത്തെ ഐതിഹാസികതലത്തിലേക്ക് ഉയർത്തി ആഖ്യാനം നിർവ്വഹിക്കുകയാണ് നോവലിൽ. സാമ്രാജ്യ വിസ്തൃതിക്കുവേണ്ടിയുള്ള അക്ബറിന്റെ പടയൊരുക്കങ്ങൾ, അക്ബർക്കെതിരെയുള്ള ഉപജാപക സംഘങ്ങളുടെ ഗൂഢതന്ത്രങ്ങൾ, ശത്രുക്കളെ അടിച്ചമർത്തി ചക്രവർത്തിത്വം ഉറപ്പിക്കൽ-ഇത്രയുമാണ് നോവലിലെ രാഷ്ട്രീയചരിത്രം. ഇതിനോടിടകലർത്തി അക്ബറിന്റെ ജീവചരിത്രവും വിവൃതമാക്കപ്പെടുന്നു. അക്ബറിന്റെ വ്യക്തിത്വ സവിശേഷതകളും ഭരണാധിപൻ എന്ന നിലയിലുള്ള കഴിവുകളും രാജ്യത്ത് നടത്തിയ ഭരണ പരിഷ്കാരങ്ങളും ആ കാലഘട്ടത്തിലെ സാമൂഹ്യജീവിതവും വിശകലനം ചെയ്യപ്പെടുന്ന തരത്തിലുള്ള ആഖ്യാനം നോവലിനെ സവിശേഷമാക്കുന്നു. സാമ്പത്തിക സാമൂഹിക പരിഷ്കാരങ്ങളിലും മത -ആധ്യാത്മിക വിഷയങ്ങളിലും എത്രയും ശ്രദ്ധാലുവായിരുന്നു അക്ബർ എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത് നോവലിൽ വിശ്വാസ്യതയോടെ ആഖ്യാനരൂപമായി മാറുന്നു. ചരിത്രത്തിൽ സ്ഥാനം നേടിയ ധാരാളം കഥാപാത്രങ്ങൾ നോവലിൽ വിശ്വാസ്യതയുടെ സാക്ഷ്യങ്ങളായി അണിനിരക്കുന്നുണ്ട്. ഇവരിൽ അബുൾ ഫാസൽ, അബുൾ ഫൈസി എന്നിവർക്ക് നോവലിലും ചരിത്രത്തിലും പ്രമുഖസ്ഥാനമാണുള്ളത്. അക്ബർനാമ രചിച്ച അബുൾ ഫാസൽ (1551–1602) ഭരണ കാര്യങ്ങളിലും ആധ്യാത്മിക വിഷയങ്ങളിലും അക്ബർക്ക് വലംകൈയ്യായിരുന്നു. 1602ൽ അക്ബറിന്റെ പുത്രൻ സലിമിന്റെ പ്രേരണയിൽ അർഛായിലെ രാജാവായ ബീർസിംഗ് ഫാസലിനെ വധിക്കുകയായിരുന്നു. ഫാസലിന്റെ ജ്യേഷ്ഠനായ ഫൈസി (നോവലിൽ അബുൾഫാസലിനെ ജ്യേഷ്ഠനാക്കിയിരിക്കുന്നു) അക്ബറിന്റെ വിശ്വസ്തമിത്രവും ആത്മീയകാര്യദർശിയും ഉപദേഷ്ടാവുമായിരുന്നു.

മതസഹിഷ്ണുത

സർവ്വമതസ്ഥർക്കും ആരാധനാവിശ്വാസസ്വാതന്ത്ര്യം അനുവദിച്ച ആദ്യഭരണാധികാരിയായിരുന്നു അക്ബർ. ഉത്തർപ്രദേശിലെ ആഗ്ര ജില്ലയിൽ അക്ബർ സ്ഥാപിച്ച ഫത്തേപൂർ സിക്രി എന്ന തലസ്ഥാനനഗരിയിൽ പണികഴിപ്പിച്ച 'ഇബാദത്ത് ഖാന' എന്ന മന്ദിരത്തിൽ സർവ്വമത സമ്മേളനങ്ങൾ പതിവായി നടത്തിപ്പോന്നു.

വിവിധ മതങ്ങൾ സഹിഷ്ണുതയിൽ നിലനിന്നുപോകേണ്ടതിന്റെ പ്രാധാന്യം അക്ബർ ഉൾക്കൊണ്ടിരുന്നു. വിവിധ മതസ്ഥർ വസിക്കുന്ന ഇന്ത്യയിൽ എല്ലാ വിഭാഗക്കാർക്കും സ്വീകാര്യമായതും തികച്ചും നവീനമായതുമായ ഒരു മതം രൂപപ്പെടുത്തുന്നതിലേക്ക് അക്ബറിന്റെ ചിന്ത വളർന്നു. തന്റെ വിശാല ദർശനങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ സമത്വത്തിലും സാഹോദര്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ ഒരു പുതിയ മതം 'ദിൻ ഇലാഹി' എന്ന പേരിൽ അക്ബർ സ്ഥാപിച്ചു. എല്ലാ മതങ്ങളുടെയും സാരാംശം ഉൾക്കൊള്ളുന്ന സർവ്വജനബാധകമായ മതമായി ദിൻ ഇലാഹി ആത്മീയസ്വാതന്ത്ര്യത്തിന്റെ വെളിച്ചം പകർന്നു.

ചരിത്രത്തിന്റെ നോവൽരൂപം

മലയാളത്തിലെ ആദ്യത്തെ ചരിത്രനോവൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാർത്താണ്ഡവർമ്മ (1891) രചിക്കപ്പെടുന്നതിനും ഒരു ദശകം മുമ്പ് രചനയാരംഭിച്ച അക്ബർ നോവൽ, ചരിത്രാഖ്യായികയുടെ സകല ലക്ഷണമാനദണ്ഡങ്ങൾക്കും ചേർന്നുനിൽക്കുന്നുണ്ട്. ഭൂതകാലത്തിലെ സംഭവങ്ങളെയും സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക സവിശേഷതകളെയും ചരിത്രപശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ആഖ്യാനരൂപമാണ് ചരിത്രനോവൽ. ചരിത്രപരമായ വസ്തുതകളോട് റിയലിസ്റ്റിക്കായ സമീപനം പുലർത്തി ഒരു കാലഘട്ടത്തെ പുനരാവിഷ്കരിക്കുകയാണവിടെ. ചരിത്രത്തോടൊപ്പം ഭാവനയുടെ സ്വതന്ത്ര സഞ്ചാരവും കടന്നുവരാം. സാങ്കൽപിക കഥാപാത്രങ്ങളും സംഭവങ്ങളും ചരിത്രാഖ്യാനത്തിൽ ഇടകലർത്താം. പക്ഷേ, അതൊന്നും ചരിത്രത്തെ തെറ്റിദ്ധരിപ്പിക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന തരത്തിലാകാൻപാടില്ല. കെട്ടിച്ചമച്ച ചരിത്രത്തിന്റെയും (Fabricated History) ഭാവനയുടെയും (Fantacy) അതിപ്രസരം ചരിത്രനോവലിനു ഭൂഷണമല്ല.

16-ാം നൂറ്റാണ്ടിലെ ഉത്തരേന്ത്യൻ ചരിത്രപശ്ചാത്തലത്തിലാണ് അക്ബർ നോവൽ രചിക്കപ്പെട്ടിട്ടുള്ളത്. അക്ബറുടെ അൻപതുകൊല്ലത്തെ (1556-1605) ഭരണകാലമാണ് ആഖ്യായികയിൽ സ്വീകരിച്ചിട്ടുള്ള ചരിത്രകാലഘട്ടം. "അവ്യവസ്ഥിതമായ രാജ്യഭരണക്രമത്തോടും ഉച്ഛൃംഘലൻമാരായ അധികാരികളോടും ദുർബലങ്ങളായ രാജ്യാംഗങ്ങളോടും കൂടിയിരുന്ന രാജ്യത്തെ യഥാക്രമമായി ഭരിച്ച് അധികാരികളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രണം ചെയ്ത്, അനേക ദേശങ്ങളെ ചേർത്ത്, രാജ്യാംഗങ്ങളെ പ്രബലീകരിച്ച്, എത്രയും ശ്ലാഘനീയങ്ങളായ ബഹുവിധ പരിഷ്കാരങ്ങളെ ഏർപ്പെടുത്തി

ന്യായമായും നിഷ്പക്ഷമായും 50 വർഷം പ്രജാപാലനം ചെയ്ത" (അക്ബർ, ആമുഖം) അക്ബറുടെ ഭരണകാലചരിത്രം ആഖ്യായികാരൂപത്തിൽ കേരളവർമ്മ മലയാളികൾക്ക് പരിചയപ്പെടുത്തുകയാണ്. ലിംബർഗ് ബ്രൗവർ രചിച്ച മൂലകൃതിയുടെ ഇംഗ്ലീഷ് പരിഭാഷ വായിച്ച് അക്ബർ ചക്രവർത്തിയിൽ ആകൃഷ്ടനായി മാറിയ കേരളവർമ്മ ,മാതൃകാമനുഷ്യനും അനുകരണീയ ഭരണാധിപനും എന്ന നിലയിലാണ് അക്ബറിനെ ചിത്രീകരിക്കുന്നത്. അക്ബർ നോവൽ വിവർത്തനത്തിനുള്ള ഉൾപ്രേരണയെക്കുറിച്ച് വിവർത്തകൻ ഇങ്ങനെ പറയുന്നു - "അക്ബറുടെ രാജ്യഭരണകാലത്താണ് ഹിന്ദുസ്ഥാൻ ക്ഷേമത്തിന്റെയും ഐശ്വര്യത്തിന്റേയും പരമകാഷ്ഠയെ പ്രാപിച്ചത്. അതിന്റെ ഖ്യാതി സർവ്വത്ര വ്യാപിക്കുകയും അക്ബറുടെ സമകാലീനയായ ഇംഗ്ലണ്ടിലെ എലിസബത്ത് രാജ്ഞി ആ ചക്രവർത്തിയുടെ രാജധാനിയിലേക്ക് ദൂതന്മാരെ അയക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും വിശ്രുതനായ അക്ബറുടെ ഗുണഗണങ്ങളേയും രാജ്യഭരണക്രമങ്ങളെയും കുറിച്ച് നമ്മുടെ കേരളീയർ ഗ്രഹിച്ചിട്ടില്ലാത്തത് എത്ര ശോചനീയമായ അവസ്ഥയാണ്" (അക്ബർ ആമുഖം) എന്നിങ്ങനെ വ്യാകുലപ്പെട്ടുകൊണ്ടാണ് അക്ബർ വിവർത്തനത്തിന് കേരളവർമ്മ മുതിരുന്നത്.

ചരിത്രനോവലിൽ നോവലിസ്റ്റിനു കൈക്കൊള്ളാവുന്ന സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് ചരിത്രസത്യങ്ങളിൽ ചില വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടാണ് വാൻലിംബർഗ് ബ്രൗവർ അക്ബർ ആഖ്യായിക രചിച്ചിരിക്കുന്നത്. അക്ബറുടെ ജീവചരിത്രവും അക്കാലത്തെ ഇന്ത്യൻ നാട്ടുരാജ്യഭരണവും രാഷ്ട്രീയ സ്ഥിതിഗതികളും വസ്തുനിഷ്ഠമായി ചരിത്രകൃതികളിൽ രേഖപ്പെടുത്തിയിട്ടുള്ളത് നോവലിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ചരിത്രവസ്തുതകളെ വളച്ചൊടിക്കുകയോ തെറ്റിദ്ധാരണ ജനിപ്പിക്കുകയോ ചെയ്യാത്തവിധം ചരിത്രമുഹൂർത്തങ്ങളെ മിനുക്കി അവതരിപ്പിക്കുന്നതിൽ ആഖ്യായികാ കർത്താവ് കാണിച്ചിരിക്കുന്ന കൗശലം ചരിത്രനോവൽ എന്താണെന്നുകൂടി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

ചരിത്രനോവലിൽ ഏറ്റവും പ്രധാനം ഇതിവൃത്തമായ ചരിത്രം തന്നെയായിരിക്കണം. അതിന് അനുപൂരകമാംവിധം സംഭവങ്ങളും കഥാപാത്രങ്ങളും കൽപിതാംശങ്ങളും കടന്നുവരണം. ചരിത്രത്തെ പൂരിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നവിധം കൽപിതകഥകൾ സൃഷ്ടിക്കാൻ നോവലിസ്റ്റിന് അവകാശമുണ്ട്. കേവലചരിത്രം നോവലാവുകയില്ലല്ലോ. ആഖ്യാന സാഫല്യത്തിനും അനുഭവ പ്രതീതിക്കും രസാനുഭവ പൂർണ്ണതയ്ക്കും വേണ്ടി ചരി

ത്രത്തെ നാനാപ്രകാരത്തിൽ പരിഷ്കരിച്ചു പുനഃസൃഷ്ടിക്കുമ്പോഴാണ് ചരിത്രനോവൽ ഉണ്ടാകുന്നതെന്ന് കൽപ്പറ്റ ബാലകൃഷ്ണൻ പറയുന്നുണ്ട് (ചരിത്രനോവൽ മലയാളത്തിൽ, പു.26). ഇവിടെ പരിഷ്കാരവും പുനഃസൃഷ്ടിയും പ്രത്യേകം ശ്രദ്ധിക്കണം. ചരിത്രപ്രതീതിക്കു വിരുദ്ധമായ പരിഷ്കാരവും പുനഃസൃഷ്ടിയും നോവലിനെ കെട്ടുകഥയുടെ തലത്തിലേക്കാവും കൊണ്ടുപോവുക. കൽപിത കഥാപാത്രങ്ങളും സംഭവങ്ങളും ചരിത്രകഥാപാത്രങ്ങളോടും സംഭവങ്ങളോടും ഇഴുകിച്ചേർന്നിരിക്കണം. മനോഹരവും സ്വാഭാവികവുമാണ് അക്ബറിലെ പാത്രസൃഷ്ടിയെന്ന് അക്ബർ നിരൂപണത്തിൽ എം.പി.പോൾ പറയുന്നുണ്ട് (എം.പി. പോളിന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1, 2012: പു. 88)

അക്ബറിന്റെ ചരിത്രപശ്ചാത്തലം പറഞ്ഞുകഴിഞ്ഞു. ഈ ചരിത്രത്തിൽ നിന്നും കഥാപാത്രങ്ങളുടെ കാര്യത്തിൽ ചില വ്യതിയാനങ്ങൾ നോവലിൽ വരുത്തിയിട്ടുണ്ട്. അതിൽ പ്രധാനം അക്ബർ ചക്രവർത്തിയുടെ പാത്രാവിഷ്കാരം തന്നെ. ചരിത്രത്തിലുള്ള അക്ബറിന്റെ ഒരു വശം മാത്രമേ നോവലിൽ കാണുന്നുള്ളൂ എന്ന് പലരും വിമർശിച്ചിട്ടുണ്ട്. സത്യസന്ധനും മഹാമനസ്കനും ശാന്തസ്വഭാവക്കാരനും കാരുണ്യമൂർത്തിയുമായ അക്ബറിന്റെ മുഖമാണ് നോവലിൽ തെളിയുന്നത്. അക്ബർ എന്നാൽ മഹാൻ എന്നാണർത്ഥം. ആ നിലയിൽ ചരിത്രപുരുഷന്റെ മഹത്വം മാത്രമേ നോവലിൽ ആവിഷ്കരിക്കുന്നുള്ളൂ. അക്ബറുടെ മതസഹിഷ്ണുതാനയം ചരിത്രപ്രകീർത്തിതമാണ്. അബ്ദുൽ ഖാദർ, റുഡോൾഫ് അക്വാവീവ തുടങ്ങിയ മതഭ്രാന്തന്മാരോട് അക്ബർ എത്ര സൗമ്യനായാണ് പെരുമാറുന്നത് എന്നതിന് നോവലിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. അന്ധമായ മതാഭിനിവേശം അക്ബർ അംഗീകരിക്കില്ലെന്നു മനസ്സിലാക്കിയ അബ്ദുൽ ഖാദറും അക്വാവീവയും അത്യന്തം കുപിതരായി, അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞ് ഇങ്ങിപ്പോവുമ്പോഴും അക്ബർ സൗഹൃദവും കാരണ്യവും കൈവിടാതെ ശാന്തചിത്തനായി നിൽക്കുന്നതേയുള്ളൂ. "യോഗ്യനായ പാതിരീ! നിങ്ങൾതന്നെ ഉണ്ടാക്കിത്തീർത്ത വാഗ്വാദത്തിൽ എന്റെ അധികാരത്തെ രക്ഷിക്കുന്നതിനുവേണ്ടി നിർദ്ദാക്ഷിണ്യമായി സംസാരിക്കാൻ ഇടയായതിനെക്കുറിച്ച് ഞാൻ വ്യസനിക്കുന്നു. നിങ്ങൾ കലഹിച്ചു പിരിയുന്നതിൽ എനിക്കു സമ്മതമല്ല. ചില സംഗതികളിൽ നമ്മുടെ അഭിപ്രായങ്ങൾ ഭേദിച്ചിരിക്കുന്നു. എങ്കിലും അതുകൊണ്ട് നിങ്ങളെക്കുറിച്ച് എനിക്കുള്ള ബഹുമാനത്തിന് യാതൊരു കുറവും ഇല്ല. നിങ്ങൾ പോകുന്നുവെങ്കിൽ അങ്ങനെയാകട്ടെ. എന്നാൽ നമ്മൾ സ്നേഹിതന്മാരായി പിരി

യണം". (അക്ബർ, പു.221). അക്വാവീവയോടുള്ള അക്ബറിന്റെ ഈ വാക്കുകൾ സഹിഷ്ണുത, ശാന്തത, വിശാലഹൃദയത്വം, പ്രതിപക്ഷ ബഹുമാനം തുടങ്ങിയ സദ്ഗുണങ്ങൾ വെളിവാക്കിത്തരുന്നു. മറ്റൊരു മതഭാന്ത്രനായ അബ്ദുൽഖാദറോടും അക്ബർ സ്നേഹവും സൗഹൃദവുമാണ് ആവശ്യപ്പെടുന്നത്. സിദ്ധനോടും സലീമിനോടും ക്ഷമിക്കാനും സഹിക്കാനും പോകുന്ന കാരുണ്യധാരയാണ് ആ മഹാനിലുള്ളത്. യുദ്ധരംഗത്തോ നീതി നടപ്പിലാക്കുന്ന വേദിയിലോ കർക്കശസ്വഭാവം പുലർത്തുന്ന അക്ബറുടെ ചരിത്രമുഖം നോവലിൽ കാണാനാകില്ല. താൻ സ്ഥാപിച്ച 'ദിൻ ഇലാഹി' സ്വയം ഈശ്വരാനാകാനുള്ള അക്ബറുടെ അഹങ്കാരജന്യമായ ദുരാഗ്രഹത്തിന്റെ ഫലമാണെന്ന് എ.ശ്രീധരമേനോൻ ഇന്ത്യാചരിത്രത്തിൽ (1998.181)പറയുന്നുണ്ട്. എന്നാൽ അക്ബർ നോവൽ വായിക്കുന്ന ഒരാൾക്ക് അങ്ങനെയുള്ള ഒരു ഭരണാധികാരിയെ സങ്കൽപ്പിക്കാൻക്കൂടി കഴിയില്ല.

അക്ബറുടെ വ്യക്തിജീവിതത്തിലും രാഷ്ട്രീയജീവിതത്തിലും സഹചാരികൾ ആയിരുന്ന അബ്ുൽ ഫാസൽ, ഫൈസി എന്നീ കഥാപാത്രങ്ങളുടെ അവതരണത്തിലും ചരിത്രവൈരുദ്ധ്യം കാണാം. അബുൾഫാസലിനെ മൂത്ത സഹോദരനായാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ചരിത്രദൃഷ്ടിയിൽ ഫൈസിയാണ് മുതിർന്ന സഹോദരൻ. അക്ബർ ജീവിച്ചിരിക്കുമ്പോൾതന്നെ രണ്ടുപേരും മരിക്കുന്നതായാണ് ചരിത്രം രേഖപ്പെടുത്തുന്നത്. 1595ൽ ഫൈസിയും 1602ൽ ഫാസലും മരിക്കുന്നു. എന്നാൽ നോവലിൽ അക്ബറുടെ മരണാനന്തരം ഫൈസി പേർഷ്യയിലേക്കുപോകുന്നതായി കഥാപരിണാമം ചെയ്തിരിക്കുന്നു.

ചരിത്രസംഭവങ്ങളിലും ചില സ്വാതന്ത്ര്യങ്ങൾ നോവലിസ്റ്റ് കൈക്കൊണ്ടിട്ടുണ്ട്. മുസ്ലീം ഭരണത്തിനുകീഴിലായിരുന്ന കാശ്മീരം ഹിന്ദുരാജാക്കന്മാരുടെ അധീനതയിലായിരുന്നതായാണ് നോവലിൽ ചിത്രീകരിക്കുന്നത്. ഈ വ്യതിയാനം കഥാഘടനയുടെ കെട്ടുറപ്പിനുവേണ്ടി നോവലിസ്റ്റ് കണ്ടെത്തുന്നതാണ്. രജപുത്രന്മാർക്കിടയിലെ മത്സരം സൂചിപ്പിക്കുക, സിദ്ധൻ എന്ന കൽപിത കഥാപാത്രത്തെ അവതരിപ്പിക്കുക എന്നിവയ്ക്കുവേണ്ടിയാണ് ഈ മാറ്റം വരുത്തിയിരിക്കുന്നത്. ചരിത്രത്തിന്റെ പുനഃസൃഷ്ടിയിൽ കലാപരമായ തികവു വരുത്തുന്നതിനുവേണ്ടി ഇത്തരം പരിഷ്കാരങ്ങൾ കൊണ്ടുവരുന്നത് ഉചിതമാണ്. ചരിത്ര സത്യങ്ങളെ വളച്ചൊടിക്കാതെയും തകിടം മറിക്കാതെയും കഥ പറഞ്ഞുപൂർത്തിയാക്കാൻ കഴിയുന്നുവെന്നത് അക്ബർ ആഖ്യായികയെ ശ്രദ്ധേയമാക്കുന്നു.

ചരിത്രനോവലിൽ ചരിത്രത്തോടൊപ്പം കൽപിത കഥയും കഥാപാത്രങ്ങളും പ്രത്യക്ഷപ്പെടാവുന്നതാണ്. ഇരാവതി സിദ്ധരാമ പ്രണയകഥ ഈ ആഖ്യായികയിൽ ഒരു പ്രധാന ധാരയാണ്. മാർത്താണ്ഡവർമ്മ നോവലിലെ പാറുക്കുട്ടി - അനന്തപത്മനാഭ പ്രണയകഥപോലെ. ഇരാവതി, റസിയ, സിദ്ധരാമൻ, ഗോരക്ഷകൻ, സാൽഹണൻ തുടങ്ങിയ കഥാപാത്രങ്ങൾ ചരിത്രത്തിലുള്ളതല്ല; കൽപിതങ്ങളാണ്. അക്ബർ നോവലിലെ കഥാപാത്രസൃഷ്ടി അകൃത്രിമ സുന്ദരമാണെന്നും കഥാഘടനയിൽ കൃത്രിമത്വം അതിദുർലഭമാണെന്നും കഥയെ കേവലം പരിണാമഗുപ്തിയിൽ പരിനിഷ്ഠമാക്കുവാൻ കഥാകാരൻ ബദ്ധപ്പെട്ടിട്ടില്ലെന്നും എം.പി.പോൾ നിരീക്ഷിക്കുന്നത് (നോവൽ സാഹിത്യം) അക്ബർ നോവലിനുകിട്ടിയ അംഗീകാരമാണ്.

ചരിത്രനോവലിലെ ഭാഷ

സാമൂഹ്യനോവലിലും ചരിത്രനോവലിലും ആഖ്യാതാവിന്റെയും കഥാപാത്രങ്ങളുടെയും ഭാഷ വ്യത്യസ്തമായിരിക്കും. ഭൂതകാല പ്രതീതി വരുത്താൻ നോവലിന്റെ ഭാഷയിൽ ബോധപൂർവ്വം വക്രീകരണം നടത്തേണ്ടതായി വരാം. വിവർത്തനത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഉപയോഗിച്ച ഭാഷയുടെ പേരിലാണ് അക്ബർ നോവൽ ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടിട്ടുള്ളത്. ചിരിക്കണമെന്നുതോന്നുമ്പോൾ അക്ബർ വായിച്ച് അതിലെ കഠിന സംസ്കൃതപദങ്ങൾ ആവർത്തിച്ചുപറഞ്ഞു രസിക്കുക ചന്തുമേനോന്റെ ഒരു നേരമ്പോക്കായിരുന്നു എന്ന് ഉദ്ധരിച്ച് അക്കാലത്തെ നോവലിസ്റ്റുകളിൽ ആ ശൈലി ഉളവാക്കിയ പരിഹാസത്തിനും സ്വാധീനമില്ലായ്മക്കും അടിവരയിടുന്നുണ്ട് ജോർജ് ഇരുമ്പയം (മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ പു.82). കേരളവർമ്മയുടെ സംസ്കൃതപ്രണയം വിവർത്തനത്തിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ ആദ്യന്തം പരിഹാസപാത്രമാകുന്നില്ല ഈ ശൈലി എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. 17 അധ്യായങ്ങളുള്ള നോവലിൽ ആദ്യത്തെ രണ്ടധ്യായം കഴിഞ്ഞാൽ ശൈലി ലളിതമാവുന്നതു കാണാം. സംസ്കൃത കാവ്യങ്ങളുമായുള്ള നിത്യസമ്പർക്കവും സംസ്കൃത കാവ്യരചനാ വൈഭവവും (കേരള വർമ്മയുടെ 45 കൃതികളിൽ 29 എണ്ണവും സംസ്കൃഭാഷയിൽ രചിക്കപ്പെട്ടവയാണെന്ന് ഓർക്കുക). കേരള വർമ്മയെ സംസ്കൃതാനുകൂലിയാക്കിയിട്ടുണ്ടെന്നതിൽ തർക്കമില്ല. "അസ്തപർവ്വത നിതംബത്തെ അഭിമുഖീകരിച്ച് ലംബമാനമായ അംബുജബന്ധുബിംബത്തിൽ നിന്നും അംബരമധ്യത്തിൽ വിസൃമരങ്ങളായി ബന്ധൂകബന്ധുരങ്ങ

ളായ കിരണങ്ങളാൽ ബദരീനാഥക്ഷേത്രത്തിന്റെയും ഹിമാലയ മഹാഗിരിയുടെ തുംഗങ്ങളായ ശൃംഗപരമ്പരകളുടെയും അദഭ്രശുഭ്രകളായ ഹിമസംഹിതകളിൽ പ്രതിബിംബിച്ചു പ്രകാശിച്ചു. ദാക്ഷിണാത്യനായ ഒരു മന്ദമാരുതൻ സാനുപ്രദേശങ്ങളിൽ സമൃദ്ധങ്ങളായി വളർന്നിരിക്കുന്ന മഹീരുഹങ്ങളിൽ പ്രഭാതാൽപ്രഭൃതി വികസ്വരങ്ങളായി നിൽക്കുന്ന സുരഭിലതരങ്ങളായ കുസുമങ്ങളുടെ പരിമളധോരണിയെ അധിത്യകകളിലേക്കു പ്രസരിപ്പിച്ചു'' (അക്ബർ, 2020, പു.18) എന്നുതുടങ്ങുന്ന ബദരീനാഥക്ഷേത്രത്തിലെ സായംകാലവർണനചമ്പൂഗദ്യത്തെ ഓർമ്മിപ്പിക്കുന്നതാണ്. പദഘടനയും സമസ്തപദസമൂഹവും വാക്യഘടനയെ സങ്കീർണവും ഭാഷയെ ദരൂഹവുമാക്കുന്നുവെന്നതിൽ സംശയമില്ല. എന്നാൽ ഈയൊരു ഭാഷാശൈലി ആദ്യന്തം നോലവിൽ പുലർത്തുന്നില്ല. തുടക്കത്തിൽ കാണുന്ന സംസ്കൃതപദജടിലമായ ശൈലി ക്രമേണ അയഞ്ഞുവരികയും ലളിതമായ മലയാള ശൈലിയിലേക്കു കടക്കുകയും ചെയ്യുന്നുണ്ട്. ''സംസ്കൃതത്തെകുറിച്ച് വൈമുഖ്യമുള്ളവർ ഉപക്രമം കണ്ട് ബുദ്ധിക്ഷയത്താൽ പുസ്തകം വലിച്ചെറിഞ്ഞുകളയാതെ അൽപം ക്ഷമയോടുകൂടി മേൽ വായിച്ചുനോക്കിയാൽ അങ്ങോട്ടങ്ങോട്ട് സംസ്കൃത പദപ്രയോഗം കുറവാണെന്നുകാണാം'' എന്ന് ആമുഖത്തിൽ വിവർത്തകൻ ഉറപ്പുപറയുന്നുണ്ട്. അക്ബർ വിവർത്തനത്തിലെ ഭാഷാലാളിത്യത്തിന് ചില മാതൃകകൾ ശ്രദ്ധിക്കുക:

> ''ക്ഷണനേരത്തേക്കു സിദ്ധൻ സംശയിച്ചു. പിന്നെ കുല്ലുകരുടെ നേരെ നോക്കി. അദ്ദേഹം മന്ദസ്മിതപൂർവ്വം ശിരഃകമ്പനം ചെയ്തു'' (അധ്യായം 3, പുറം. 83).

> ''അയാൾ പറഞ്ഞതു വാസ്തവംതന്നെയായിരുന്നു. ജീവിതത്തെക്കാളും മാനത്തെക്കാളും അവൾ പ്രിയതരയാണെന്ന് അയാൾ പറഞ്ഞത് ഒട്ടും അതിശയോക്തി അല്ലായിരുന്നു'' (അധ്യായം 10, പുറം. 214).

> ''ഫൈസി പോയതിന്റെ ശേഷം സിദ്ധനും ഇരാവതിയും ആ ഉദ്യാനത്തിൽ കുറേനേരം താമസിച്ചു. ഒടുവിൽ അവരും അവിടെനിന്നും ഗൃഹത്തിലേക്കു പുറപ്പെടുകയും സിദ്ധൻ വിചാരത്തോടുകൂടി ഇപ്രകാരം പറയുകയും ചെയ്തു'' (അധ്യായം 17, പുറം. 332).

സി.വി.രാമൻപിള്ളയുടെ ധർമ്മരാജാ, രാമരാജാബഹദൂർ എന്നിവയിലെ ഭാഷയുമായി താരതമ്യം ചെയ്യുമ്പോൾ അക്ബർഭാഷ (ആദ്യത്തെ രണ്ടധ്യായം മാറ്റിനിർത്തിയാൽ) അത്യന്ത കഠിനമാണെന്നുപറയാനാവില്ല എന്ന് ഉദ്ധൃതഭാഗങ്ങൾ വ്യക്തമാക്കുന്നു.

ഭാഷയുടെ ഏകതാനത ഒഴിവാക്കി വിഷയത്തിനും സന്ദർഭത്തിനും അനുസൃതമായി വ്യത്യസ്തഭാഷാശൈലി അക്ബറിൽ ഉപയോഗിക്കാൻ കേരളവർമ്മ ശ്രദ്ധിച്ചിട്ടുണ്ട്. സിദ്ധാരാമന്റെയും ഇരാവതിയുടെയും പ്രണയഭാഷണം അവതരിപ്പിക്കുന്നിടത്തെ ലളിതസുഭഗമായ കാൽപനികഭാഷയും അക്ബറുടെ സദസ്സിൽ മതപണ്ഡിതന്മാർ നടത്തുന്ന ചർച്ച വിവരിക്കുന്ന ഭാഷയും ഇതു വ്യക്തമാക്കുന്നു. ഒരു ചരിത്രനോവലിന്റെ ഭാഷയും സാമൂഹ്യനോവലിന്റെ ഭാഷയും പല രീതിയിൽ വ്യത്യസ്തങ്ങളായിരിക്കും. ഭൂതകാലത്തെ അവതരിപ്പിക്കുന്ന ചരിത്രനോവൽ, അതിന്റെ മാധ്യമമായി സ്വീകരിക്കുന്ന ഭാഷ, ഭാവത്തിന്റെ നിഗൂഢ സ്വഭാവത്തേയും സങ്കീർണതകളെയും സംവഹിക്കുന്ന തരത്തിലുള്ളതായിരിക്കും. ഇന്ദുലേഖ, ശാരദ നോവലുകളുടെ ഭാഷയിൽ നിന്നും സി.വി. ചരിത്രാഖ്യായികകളിലെ ഭാഷയും അക്ബർഭാഷയും വേറിട്ടുനിൽക്കുന്നതു സ്വാഭാവികമാണ്.

ഇതിവൃത്തം, പാത്രസൃഷ്ടി, കഥാഖ്യാനം, ഭാഷ എന്നിങ്ങനെയുള്ള നോവൽരൂപഘടകങ്ങളിൽ മാതൃകാപരമായ വ്യത്യസ്തതയും മൗലികതയും പുലർത്തുന്ന അക്ബർ വിവർത്തനം മലയാളത്തിൽ നോവൽ സാഹിത്യം രൂപപ്പെടുത്തുന്നതിൽ ചരിത്രപരമായ പങ്കുവഹിച്ചിട്ടുണ്ടെന്നതിൽ തർക്കമില്ല. ഇന്ത്യാചരിത്രം പ്രമേയകേന്ദ്രമായി സ്വീകരിച്ച ആദ്യചരിത്രനോവൽ, ഭാരതീയദർശനം കാഴ്ചവയ്ക്കുന്ന നോവൽരൂപം, അക്ബർചരിതത്തിന്റെ പ്രാദേശിക ഭാഷയിലുള്ള ആഖ്യാനമാതൃക തുടങ്ങിയ വിശേഷണങ്ങൾ അക്ബർ പരിഭാഷയ്ക്ക് അവകാശപ്പെടാം. ഇന്ത്യൻസാഹിത്യം എന്ന വിശാലവീക്ഷണത്തിന്റേയും ഏകത്വദർശനത്തിന്റെയും ബീജമാതൃക കൂടി കേരളവർമ്മയുടെ അക്ബർ വിവർത്തനം മലയാളത്തിൽ അവതരിപ്പിച്ചുവെന്നു പറയാം.

ഗ്രന്ഥസൂചി

അച്ച്യുതൻ.എം. (1992), *നോവൽ പ്രശ്നങ്ങളും പഠനങ്ങളും,* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

കൃഷ്ണൻ നമ്പൂതിരി.എം (2009), *നോവൽ കലയും ദർശനവും,* കോഴിക്കോട്: ഹരിതം ബുക്സ്.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ.(2020), *അക്ബർ വിവർത്തനം.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

ജോർജ്ജ് ഇരുമ്പയം. (2012), *മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ,* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

തരകൻ കെ.എം. (2005), *മലയാളനോവൽസാഹിത്യചരിത്രം,* തൃശൂർ: കേരള സാഹിത്യ അക്കാദമി.

തോമസ്, തുമ്പമൺ. (1993), *മലയാള നോവലിന്റെ വേരുകൾ,* കോട്ടയം:

സാഹിത്യ പ്രവർത്തക സഹകരണസംഘം.
പരമേശ്വരയ്യർ ഉള്ളൂർ. (1985), *കേരള സാഹിത്യചരിത്രം വാല്യം 5.* തിരുവനന്തപുരം: കേരള സർവ്വകലാശാല.
പരമേശ്വരൻപിള്ള, എരുമേലി. (2010), *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, 10-ാം പതിപ്പ്,* കോട്ടയം: കറന്റ് ബുക്സ്.
പോൾ.എം.പി. (2012), *എം.പി. പോളിന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1,* (എഡി.) കെ.വി. തോമസ്, കോഴിക്കോട്: മീഡിയ ബുക്സ്.
ബാലകൃഷ്ണൻ കൽപ്പറ്റ. (2005), *ചരിത്രനോവൽ മലയാളത്തിൽ,* തൃശൂർ: കേരള സാഹിത്യ അക്കാദമി.
ശ്രീധരമേനോൻ, എ.(1998), *ഇന്ത്യാചരിത്രം,* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.
സുകുമാർ അഴീക്കോട്. (2002), *മലയാള സാഹിത്യവിമർശനം.* കോട്ടയം: ഡി.സി. ബുക്സ്.

ഡോ. എം. കൃഷ്ണൻ നമ്പൂതിരി
പ്രൊഫസർ
മലയാളവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
പ്രാദേശിക കേന്ദ്രം, തിരൂർ
Pin: 676301
Email: knamboothiry46@ssus.ac.in
Ph: +91 9495739956
ORCID: 0009-0004-2683-6591